# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1918 — 15.07.16 -ൽ മറുപടിക്ക്

## പമ്പാ ആക്ഷൻ പ്ലാൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ടി.തോമസ് | | മാത്യു ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | പമ്പാ നദിയുടെ ശുദ്ധീകരണത്തിനായി നടപ്പിലാക്കിയ പമ്പാ ആക്ഷൻ പ്ലാനിന്റെ നിലവിലെ സ്ഥിതി എന്താണെന്ന വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും (ഡി) യും പമ്പാ ആക്ഷൻ പ്ലാൻ 2003 ലാണ് ആരംഭിച്ചത്. ഈ പദ്ധതിയിൽ കേന്ദ്ര – സംസ്ഥാന സർക്കാർ വിഹിതം 70:30 എന്ന അനുപാതത്തിലാണ്. 18.45 കോടി രൂപയുള്ള പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചത്. കേന്ദ്ര വിഹിതമായി 70% ന് 12.91 കോടി രൂപ വകയിരുത്തിയതിൽ 2.92 കോടി രൂപ ലഭിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതത്തിന് പുറമേ സംസ്ഥാന സർക്കാർ ഇതുവരെ 30.76 കോടി രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമേ കേന്ദ്ര സർക്കാരിന്റെ National River Conservation പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പാ നദിയുടെ മലിനീകരണം തടയാനുള്ള വകയിൽ 2016-ൽ ഗ്രാന്റായി 5 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. പമ്പാ ആക്ഷൻ പ്ലാനിലെ 12 ഘടകപദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്ന വ്യക്തമാക്കാമോ; | |
| (സി) | ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ യെന്ന വ്യക്തമാക്കാമോ; | |
| (ഡി) | പമ്പാ ആക്ഷൻ പ്ലാനിനു വേണ്ടി ഇതുവരെ കേന്ദ്ര സർക്കാർ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | |
| ഇ) | പമ്പാ ആക്ഷൻ പ്ലാനിന്റെ തുടർ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കും എന്നും ആയതിനു വേണ്ട പദ്ധതി രൂപീകരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | ഇ) Rejuvenation and Pollution Abatement of Pamba River എന്ന ശീർഷകത്തിൽ പദ്ധതി രൂപീകരണത്തിനായി ഒരു കേന്ദ്ര സംഘം 2016 ജൂണിൽ പമ്പാ നദീതട പരിശോധന നടത്തിയിരുന്നു. പ്രസ്തുത ടീമിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്. |

| | |
|---|---|
| എഫ്) പമ്പാ റിവർബേസിൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കാമോ? | എഫ്) പമ്പാ റിവർബേസിൻ അതോറിറ്റി ആക്ട് നിലവിലുണ്ട്. അതിന്റെ അടിസ്ഥത്തിൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നിയമ നിർമ്മാണ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**